# രക്ഷയുടെ പാതയിൽ




Vol. 1

11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിക്കാനും ജീവൻ നൽകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 5



# ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ



1. ക്രിസ്തീയ വ്യക്തിത്വത്തിന്റെ പ്രധാന ഘടകങ്ങൾ
2. ക്രിസ്തീയ ജീവിത ദർശനം
3. ക്രിസ്തീയ ജീവിത മനോഭാവം
4. ക്രിസ്തീയ ജീവിത ശൈലി

# ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

## ക്രിസ്തുവിന്റെ വ്യക്തിത്വം സ്വന്തമാക്കാൻ...

- വി. പൗലോസ്: ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു.

ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

## ക്രിസ്തീയ വ്യക്തിത്വത്തിന്റെ പ്രധാന ഘടകങ്ങൾ ......

- ക്രിസ്തീയ ജീവത ദർശനം, ക്രിസ്തീയ ജീവിത മനോഭാവം, ക്രിസ്തീയ ജീവിതശൈലി എന്നിവയാണവ. ഒരു വ്യക്തിയുടെ കാഴ്ചപ്പാടുകളെ മുഴുവൻ നിയന്ത്രിക്കുന്ന ഘടകമാണ് ജീവിത ദർശനം. ഒരു വ്യക്തി ജീവിത യാഥാർത്ഥ്യങ്ങളോടു കാണിക്കുന്ന ആഭിമുഖ്യമാണ് മനോഭാവം. ഓരോ ജീവിത സാഹചര്യത്തിലുമുള്ള ഒരുവന്റെ പെരുമാറ്റരീതിയാണ് ജീവിതശൈലി.

# ക്രിസ്തീയ ജീവിത ദർശനം

- ക്രിസ്തീയ വ്യക്തിത്വത്തിന് തനിമയും മഹിമയും നൽകുന്നത് അതിൽ അന്തർഭവിച്ചിരിക്കുന്ന ജീവിത ദർശനമാണ്.
- ക്രിസ്തീയ ജീവിത ദർശനത്തിന് പ്രധാനമായും അഞ്ച് തലങ്ങളാണുള്ളത്. ദൈവദർശനം, ആത്മദർശനം, മനുഷ്യ ദർശനം, ലോകദർശനം, സ്വർഗ്ഗദർശനം എന്നിവയാണവ.

1. ദൈവം നമ്മുടെ പിതാവ് (ദൈവദർശനം)

❖ ദൈവം നമ്മുടെ പിതാവാണെന്ന അവബോധമാണ് ക്രിസ്തീയ ജീവിത ദർശനത്തിന്റെ അടിസ്ഥാനം.

2. നാം ദൈവത്തിന്റെ മക്കൾ (ആത്മദർശനം)

❖ മനുഷ്യരായ നമ്മൾ ദൈവമക്കളാണെന്ന അവബോധമാണ് ക്രിസ്തീയ ജീവിത ദർശനത്തിന്റെ മറ്റൊരുതലം.

❖ "കണ്ടാലും എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും"

## 3. മനുഷ്യരെല്ലാം സഹോദരർ (മനുഷ്യദർശനം)

- ദൈവം നമ്മുടെ പിതാവാണെന്ന ബോദ്ധ്യം മനുഷ്യരെല്ലാം സഹോദരരാണെന്ന തിരിച്ചറിവിലേക്ക് നമ്മെ നയിക്കുന്നു.
- നല്ല സമറായക്കാരന്റെ മനോഭാവം ക്രിസ്തീയ മനുഷ്യദർശനത്തിന്റെ ഉദാത്തമാതൃകയാണ് (ലൂക്ക10:25–31)

4. ലോകം ഭൗമികഭവനം (ലോകദർശനം)

- ദൈവം നമ്മുടെ പിതാവും മനുഷ്യരെല്ലാം സഹോദരീസഹോദരന്മാരുമാണെന്ന ബോധ്യം ലോകത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കും.
- ഈ ലോകമാകുന്ന ഭൗമിക ഭവനത്തിൽ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കേണ്ടവരാണ് മനുഷ്യർ.

ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

5. സ്വർഗ്ഗം നമ്മുടെ ലക്ഷ്യം

- ക്രൈസ്തവ ജീവിത ദർശനം ഈ ലോകജീവിതത്തിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച് നിത്യജീവിതത്തെക്കുറിച്ച് വ്യക്തമായ ബോദ്ധ്യം നൽകുന്നതാണ്. മനുഷ്യജീവിതത്തിന്റെ അന്ത്യം മരണമല്ലെന്നും മറിച്ച് നിത്യജീവൻ അഥവാ സ്വർഗ്ഗം പ്രാപിക്കുക എന്നതാണെന്നും അത് നമ്മെ പഠിപ്പിക്കുന്നു.
- ജീവിതത്തിന്റെപരമലഭ്യം ദൈവത്തിലെത്തിച്ചേരുക എന്നതാണെന്ന ഉറച്ച വിശ്വാസം കൈമുതലായുള്ള ക്രിസ്ത്യാനിക്ക് ജീവിത പ്രശ്നങ്ങളെ പ്രത്യാശയോടെ നേരിടാൻ കഴിയും.

## ക്രിസ്തീയ ജീവിത മനോഭാവം

1. ദൈവാശ്രയമനോഭാവം...

- ദൈവം തന്റെ പിതാവായതിനാൽ താൻ ദൈവപുത്രനാണെന്ന അവബോധം സ്വന്തമാക്കുന്നവനാണ് ക്രൈസ്തവൻ.
- വി.ഫ്രാൻസിസ് അസ്സീസ്സി പറഞ്ഞതുപോലെ “എന്റെ ദൈവമേ എന്റെ സർവ്വസ്വമേ” എന്നുപറയാൻ നമുക്ക് കഴിയണം. അപ്പോഴേ ദൈവാശ്രയ മനോഭാവം വ്യക്തിത്വത്തിന്റെ ഭാഗമാവുകയുള്ളൂ.

2. വിശ്വസാഹോദര്യമനോഭാവം

- ജാതിമതദർശനങ്ങൾക്കതീതമായി എല്ലാ മനുഷ്യരേയും സഹോദരീ സഹോദരന്മാരായി കാണാനും ഇടപെടാനും നമ്മെ സഹായിക്കുന്ന മനോഭാവമാണിത്.

3. നൻമയുടെ മനോഭാവം

- എല്ലാ കാര്യങ്ങളിലും നന്മ കാണാനും നൻമയെ അംഗീകരിക്കാനും ആദരിക്കാനും നമ്മെ സഹായിക്കുന്ന ഒരു മനോഭാവമാണിത്.

4. ശുഭാപ്തിവിശ്വാസം

- നിഷേധാത്മക ചിന്തകൾ വരുത്തുന്ന ആപത്തുകളും ക്രിയാത്മക (ഭാവാത്മക) ചിന്തകൾ വിതയ്ക്കുന്ന സത്ഫലങ്ങളും ഇന്ന് ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്നുണ്ട്.
- ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന എല്ലാം നന്മക്കായിത്തീർക്കും എന്ന ശുഭാപ്തിവിശ്വാസമാണ്.

# ക്രിസ്തീയ ജീവിത ശൈലി

1. ദൈവസ്നേഹം

- ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം ദൈവസ്നേഹമാണ്. ദൈവസ്നേഹത്താൽ പ്രേരിതമായ ഒരു ജീവിതമാണത്.
- ദൈവാരാധന,ദൈവവചനപ്രഘോഷണം പ്രാർത്ഥന, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ ദൈവസ്നേഹത്തിന്റെ പ്രകാശനങ്ങളാണ്.

ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

2. പരസ്നേഹം

- ക്രിസ്തീയ വ്യക്തിത്വത്തിന്റെ അടയാളം പരസ്നേഹമാണ്. “നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുമൂലം എല്ലാവരും അറിയും.

3. ശത്രുസ്നേഹം

- ക്രിസ്തീയ പരസ്നേഹത്തിന്റെ പൂർണ്ണത അടങ്ങിയിരിക്കുന്നത് ശത്രുക്കളേയും സ്നേഹിക്കുന്നതിലാണ്.
- പ്രാർത്ഥനയും ക്ഷമാപൂർവ്വമായ കാത്തിരിപ്പും വഴി ശത്രുവിനെയും സ്വന്തമായി നേടുവാൻ ക്രിസ്ത്യാനിക്ക് കഴിയണം

ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

4. സഹായ സന്നദ്ധത (സേവന തൽപരത)

- പാപികളും രോഗികളും ദരിദ്രരും അനാഥരും ഒന്നും ഒഴിവാക്കപ്പെടാതെ അംഗീകരിക്കപ്പെടുന്നതും അവർക്ക് ശുശ്രൂഷ ചെയ്യുന്നതും ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതയാണ്.
- ഈശോയുടെ ദർശനവും, മനോഭാവവും, ജീവിതശൈലിയും, പരിശീലിക്കുന്നതുവഴിയാണ് നാം ക്രിസ്തീയ വ്യക്തിത്വത്തിലേക്ക് വളരുന്നത്. അപ്പോഴാണ് ചരിത്രപുരുഷനും രക്ഷകനുമായ ഈശോയെ നാം ജീവിതത്തിൽ സാക്ഷാത്ക്കരിക്കുന്നത്.